**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 919** **26-07-2021 - ൽ മറുപടിയ്ക്ക്**

**കിഴുമുറി പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജകമണ്ഡലത്തിലെ കിഴുമുറി പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കീഴ് മുറിക്കടവ് പാലം പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് 12 എൽ.എ.സി ഫയലുകളിൽ 6 കേസുകളിൽ അവാർഡ് പാസ്സാക്കിയിട്ടുള്ളതും സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 6 കേസുകളിൽ രാമമംഗലം വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 749/1, 749/1-1, 749/4 എന്നീ സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നെൽവയൽ തണ്ണീർത്തട പരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് ലഭ്യമാക്കുന്നതിനായി അർത്ഥനാധികാരിയായ PWD ക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതുമാണ് |
| (ബി) | പൊതു ആവശ്യത്തിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി നിയമത്തിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരമുള്ള ഇളവ് അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കീഴ് മുറിക്കടവ് പാലം പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് 12 എൽ.എ.സി ഫയലുകളിൽ 6 കേസുകളിൽ അവാർഡ് പാസ്സാക്കിയിട്ടുള്ളതും സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 6 കേസുകളിൽ രാമമംഗലം വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 749/1, 749/1-1, 749/4 എന്നീ സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നെൽവയൽ തണ്ണീർത്തട പരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് ലഭ്യമാക്കുന്നതിനായി അർത്ഥനാധികാരിയായ PWD ക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതുമാണ് |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഭൂമി എന്നത്തേക്ക് ഏറ്റെടുക്കാൻ സാധിക്കുമെന്നറിയിക്കാമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾക്ക് ആവശ്യമായ രേഖകൾ അർത്ഥനാധികാരി നൽകുന്ന മുറക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി എത്രയും പെട്ടെന്ന് ഏറ്റെടുത്ത് കൈമാറുന്നതാണ് |

സെക്ഷൻ ഓഫീസർ